**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിഹിതത്തിൽ സംസ്ഥാന സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ വിഹിതത്തിൽ കേന്ദ്ര സർക്കാരിൽനിന്നും നിലവിൽ കുടിശ്ശികയില്ല. കേന്ദ്ര വിഹിതമായി (60%) റിലീസ് ചെയ്ത രണ്ടാം ഗഡുവിന്റെ ബാലൻസ് തുകയായ 48കോടി രൂപ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ ഇനത്തിൽ നിലവിൽ സംസ്ഥാന സർക്കാർ കുടിശ്ശികയില്ല. |
| (ബി) | കേന്ദ്ര, സംസ്ഥാന സർക്കാരുകൾ യഥാസമയം പണം അനുവദിക്കാത്തതിനാൽ സ്കൂളുകളിലെ പ്രധാന അധ്യാപകർ സാമ്പത്തിക ബാധ്യത നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപെട്ടതിനാലാണ് മുട്ട,പാൽ എന്നിവക്ക് സംസ്ഥാന അധിക വിഹിതത്തിൽ തുക അനുവദിച്ചതും പാലിന്റെ വില 15.60/- രൂപ ആയി നിശ്ചയിച്ചതും. കൂടാതെ കേന്ദ്ര വിഹിതം ലഭിക്കുവാൻ താമസം നേരിട്ടപ്പോൾ സംസ്ഥാന സർക്കാർ മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ കുടിശിക ആയി വിതരണം ചെയ്യുവാനുണ്ടായിരുന്ന ഒക്ടോബർ, നവംബർ മാസത്തെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ കേന്ദ്ര വിഹിതവും സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ സംസ്ഥാന വിഹിതവും, കേന്ദ്ര വിഹിതവും അനുവദിക്കുകയുണ്ടായി. |
| (സി) | സാങ്കേതികമായ കാര്യങ്ങൾ പരിഹരിച്ച് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക എല്ലാമാസവും നൽകി പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കുന്നതിലേക്കായി ഫണ്ട് വിതരണം മുൻകൂർ ആയി വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതിയിൽ പി.എഫ്.എം.എസ് (പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം) നിർബന്ധമാക്കിയ 2021-22 വർഷം മുതൽ അർഹതപ്പെട്ട കേന്ദ്രവിഹിതം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കേന്ദ്ര വിഹിതം 60 % സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | ലഭിക്കാതിരുന്ന സാഹചര്യങ്ങളിൽ സമയ ബന്ധിതമായ ഇടപെടൽ നടത്തി കുടിശ്ശിക തീർത്തു വിതരണം ചെയ്യുവാൻ സർക്കാർ കൃത്യമായ ഇടപെടൽ നടത്തി വരുന്നുണ്ട്.<br><br>കൂടാതെ പ്രധാനാധ്യാപകരുടെ ഉച്ച ഭക്ഷണ പദ്ധതിയിലെ ജോലികൾ ലഘൂകരിക്കുന്നതിനായി നിലവിലെ നൂൺ മീൽ സോഫ്റ്റ് വെയർ അപാകതകൾ പരിഹരിച്ചു പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിലെക്കായി ഇൻഫർമേഷൻ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പുതിയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ട ഡാറ്റയുമായി ബന്ധപ്പെട്ട 90 ശതമാനം ജോലികളും ഇതിനോടകം തന്നെ പൂർത്തികരിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം പുതിയ സോഫ്റ്റ് വെയർ മുഖാന്തിരമായിരിക്കും ഡാറ്റ അപ്ഡേഷൻ നടത്തുക. പുതിയ സോഫ്റ്റ് വെയർ വരുന്നതോടുകൂടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഏകീകൃതമായി ശേഖരിക്കുന്നതിനും മോണിട്ടറിംഗ് നടത്തുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ